# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.440

## 29-11-2018 ൽ മറുപടിക്ക്

## കിഫ്ബിയുടെ വികസന പദ്ധതി

| ചോദ്യം<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുടെ വികസന പദ്ധതികൾക്കായി കടപ്പത്രത്തിലൂടെ തുക സമാഹരിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | കടപത്രങ്ങൾ വഴി ഫണ്ട് സമാഹരിക്കുന്നതിന്റെ ഭാഗമായി മസാല ബോണ്ടുകളും കൂടാതെ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയ്ക്ക വേണ്ടി പ്രത്യേകമായി രൂപകൽപന ചെയ്ത ബോണ്ടുകളും പുറപ്പെടുവിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിൽ മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി അവ ലണ്ടൻ , സിംഗപ്പൂർ എന്നീ സ്റ്റോക് എക്സ്ചേഞ്ചുകളിൽ ലിസ്റ്റ് ചെയ്തിട്ടുണ്ട്. കെ. എസ.എഫ്.ഇ പ്രവാസി ചിട്ടികളിൽ നിന്നും ലഭിച്ച തുകയിൽ 77,20,000/- രൂപ മൂല്യമുള്ള കിഫ്ബി ബോണ്ടുകൾ കെ.എസ്.എഫ്.യ്ക്ക ഇതിനകം തന്നെ കൈമാറിയിട്ടുണ്ട്. |
| (ബി) രാജ്യാന്തര വിപണിയിൽ നിന്നും മസാല ബോണ്ട് വഴി എത്ര കോടി രൂപ സമാഹരിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; | ആഗോള വിപണി അനുകൂലമായി വരുന്ന പക്ഷം പല ട്രാഞ്ചുകളായി 5000 കോടിയോളം രൂപ മസാല ബോണ്ട് വഴി സമാഹരിക്കുന്നതിന് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. |
| (സി) നിലവിലെ കടപ്പത്രങ്ങൾക്ക് എത്ര ശതമാനം പലിശയാണ് നൽകേണ്ടത്; | നിലവിൽ കെ.എസ് .എഫ്.ഇ പ്രവാസി ചിട്ടിക്കായി പുറപ്പെടുവിച്ച 77,20,000/- രൂപ മൂല്യമുള്ള കിഫ് ബി ബോണ്ടുകൾക്ക് വാർഷിക അടിസ്ഥാനത്തിൽ 8% കൂപ്പൺ റേറ്റാണ് നിശ്ചയിച്ചിരിക്കുന്നത്. |
| (ഡി) രൂപയുടെ മൂല്യം ഇടിയുന്ന സാഹചര്യത്തിൽ പലിശ ഉയരുവാൻ സാധ്യതയുണ്ടോ; എങ്കിൽ ആഭ്യന്തര വിപണിയിൽ നിന്നും കടമെടുക്കുന്നതിനെക്കാൾ കൂടുതൽ ബാധ്യത പലിശയിനത്തിൽ ഉണ്ടാകുവാനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | റിസർവ് ബാങ്കിന്റെ വായ്പാനയത്തിന്റെ അടിസ്ഥാനത്തിലാണ് പലിശ നിരക്ക് നിശ്ചയിക്കുന്നത്. അതുകൊണ്ടു തന്നെ രൂപയുടെ വിലയിടിവും പലിശ നിരക്കും തമ്മിൽ നേരിട്ട് ബന്ധമില്ല. കിഫ്ബി വിദേശ വിപണിയിൽ നിന്നും പ്രത്യേക കാലയളവിലേക്കുള്ള ബോണ്ട് വഴി കടമെടുക്കാനുള്ള നടപടിയാണ് ഇപ്പോൾ പൂർത്തീകരിച്ചിരിക്കുന്നത്. ഈ കാലയളവിൽ പലിശ നിരക്ക് സ്ഥിരമായിരിക്കും. ബോണ്ട് കാലയളവിൽ വിപണിയിൽ ഉണ്ടാകുന്ന വ്യതിയാനം ബോണ്ടിന്റെ പലിശ നിരക്കിനെ ബാധിക്കില്ല. ഇന്ത്യൻ രൂപയിൽ മാത്രമുള്ള |

| | |
|---|---|
| | വിനിമയ സാദ്ധ്യതയോടെ ധനസമാഹരണത്തിനായി വിദേശത്ത് പുറപ്പെടുവിക്കുന്ന കടപ്പത്രങ്ങളാണ് മസാല ബോണ്ടുകൾ. അതിനാൽ രൂപയുടെ മൂല്യം ഇടിഞ്ഞാലും വിദേശനാണ്യ മൂല്യം ഉയർന്നാലും മസാല ബോണ്ടുകളുടെ വിനിമയ നിരക്കുകളിൽ മാറ്റം സംഭവിക്കുന്നില്ല. ആയതിനാൽ കിഫ്ബി ഇതിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നു. ഇക്കാരണത്താൽ ആഭ്യന്തര വിപണിയുടേതിലും കുറഞ്ഞ പലിശ നിരക്കിൽ അന്താരാഷ്ട്ര വിപണിയിൽ നിന്നും ഫണ്ട് സമാഹരിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ